Annexure to Submission

Uncorrected/Not for publication
06-10-2025

**<u>അനുബന്ധം</u>**

1. <u>കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ജി. എസ്. ജയലാൽ എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കുടിവെള്ള മേഖലയിൽ പ്രവർത്തിച്ചുവരുന്ന കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. കുടിവെള്ള വിതരണത്തിലൂടെ ലഭിക്കുന്ന വാട്ടർ ചാർജാണ് കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാന സ്രോതസ്സ്. ഉല്പാദനച്ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ പൊതു ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനാൽ കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർധിപ്പിക്കുന്നതിലേക്കായി 03-02-2023-ലെ ജി.ഒ. (എം.എസ്) നം.11/2023/ഡബ്ല്യൂ.ആർ.ഡി. പ്രകാരം വെള്ളക്കരം ലിറ്ററിന് ഒരു പൈസ എന്ന നിരക്കിൽ വർധിപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകി.

കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി ഒരു പരിധിവരെ സർക്കാർ നൽകുന്ന നോൺ പ്ലാൻ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ്

നികത്തിപ്പോരുന്നത്. 2022-23 കാലഘട്ടത്തിൽ 183.73 കോടി രൂപയും, 2023-24 കാലഘട്ടത്തിൽ 66.10 കോടി രൂപയും, 2024-25 കാലഘട്ടത്തിൽ 150.48 കോടി രൂപയും ചേർത്ത് നോൺ പ്ലാൻ ഗ്രാന്റായി 400.31 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി.

12-03-2024-ലെ ജി.ഒ. (ആർ.ടി.) നമ്പർ 45/2024/പവർ നമ്പർ ഉത്തരവനുസരിച്ച് കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള 2,068 കോടി രൂപയുടെ വൈദ്യുതി ചാർജ് കുടിശ്ശികയും സർചാർജ്ജും സർക്കാർ ഏറ്റെടുക്കുകയുണ്ടായി. ഈ തുക 206.80 കോടി രൂപയുടെ 10 തുല്യ വാർഷിക ഗഡുക്കളായി KSEBL-ന് സർക്കാർ നൽകുമെന്നും, ഈ തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നോൺ പ്ലാൻ ഗ്രാന്റിൽ ഗഡുക്കളായി തിരികെ പിടിക്കാനും വ്യവസ്ഥ ചെയ്തു. കൂടാതെ 27-03-2025-ലെ ജി.ഒ. (ആർ.ടി.) നമ്പർ 3217/2025/ധന ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേരള വാട്ടർ അതോറിറ്റിക്കുള്ള കുടിശ്ശിക തീർക്കുന്നതിനായി 719.166 കോടി രൂപ സർക്കാർ അനുവദിച്ചു. പ്രസ്തുത തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. 20-08-2025-ലെ ജി.ഒ.

(എം.എസ്.) നമ്പർ 103/2025/ധന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർക്കുന്നതിനായി അനുവദിച്ച 719.166 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്കുവേണ്ടി സർക്കാർ KSEBL-ന് നൽകാനുള്ള 2,068 കോടി രൂപയിൽനിന്ന് കിഴിവ് ചെയ്യുകയും ഈ കിഴിവ് വരുത്തിയതിനുശേഷം ബാക്കിയുള്ള ബാധ്യതയായ 1,348.834 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നോൺ-പ്ലാൻ ഗ്രാന്റിൽനിന്ന് 10 തുല്യ ഗഡുക്കളായി ക്രമീകരിക്കാൻ ഉത്തരവാകുകയുമുണ്ടായി.

സംസ്ഥാന സർക്കാരാണ് കുടിവെള്ളത്തിന്റെ താരിഫ് നിശ്ചയിക്കുന്നത്. കാലാകാലങ്ങളായി സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനാൽ വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്.

2022-23, 2023-24, 2024-25 കാലഘട്ടത്തിൽ നോൺ പ്ലാൻ ഗ്രാന്റ് അനുവദിക്കുന്നതിൽ 667.41 കോടി രൂപയുടെ കുറവുണ്ടായി.

നോൺ പ്ലാൻ ഗ്രാന്റിൽ ഉണ്ടായ ടി കുറവ് ജല അതോറിറ്റിയുടെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ജീവനക്കാരുടെ ജി.പി.എഫ്-ഉം

പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പടെ നൽകുന്നതിന് അതോറിറ്റി ബുദ്ധിമുട്ടുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണുള്ളത്.

കെ.ഡബ്ല്യു.എ.-യുടെ തുടർച്ചയായ റവന്യൂകമ്മി മുഖാരം വൈദ്യുതി ചാർജ്, സമയബന്ധിതമായി അറ്റകുറ്റപ്പണികളുടെ തുക, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ, ജീവനക്കാരുടെ മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാസമയം നൽകുവാൻ സാധിച്ചിട്ടില്ല. 2020 മെയ് മുതൽ വിരമിച്ച പെൻഷൻകാർക്ക് ജല അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി കാരണം വിവിധ ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടില്ല. പെൻഷൻകാർക്ക് മാത്രമുള്ള കുടിശ്ശികകൾ വിതരണം ചെയ്യുന്നതിന് 374.21 കോടി രൂപ ആവശ്യമാണ്.

അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് കുടിശ്ശികയുള്ളത് കാരണം അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിൽനിന്നും കരാറുകാർ പിൻവാങ്ങുന്ന അവസ്ഥയാണുള്ളത്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ സാധിക്കാത്തത് കുടിവെള്ളം പാഴായിപ്പോകുന്നതിനും ജലവിതരണം തടസ്സപ്പെടുന്നതിനും ഇടയാക്കുന്നുണ്ട്. ഈ അവസ്ഥ

തുടർന്നാൽ ശുദ്ധജലത്തിന്റെ സുഗമമായ വിതരണത്തെ സാരമായി ബാധിച്ചേക്കാം. നിലവിൽ ഏപ്രിൽ 2024 മുതലുള്ള 146.75 കോടി രൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കുവാനായിട്ടുണ്ട്.

| | | |
|---|---|---|
| 1 | ഒരു കിലോലിറ്റർ കുടിവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ചെലവ് | 24.56 രൂപ |
| 2 | ഒരു കിലോലിറ്ററിൽ നിന്ന് ലഭിക്കുന്ന വരുമാനം | 19.90 രൂപ |
| 3 | 2020-ലെ ബി.പി.എൽ. കണക്ഷനുകളുടെ എണ്ണം | 2.63 ലക്ഷം |
| 4 | 2023-ലെ ബി.പി.എൽ. കണക്ഷനുകളുടെ എണ്ണം | 6.03 ലക്ഷം |
| 5 | 2025-ലെ ബി.പി.എൽ. കണക്ഷനുകളുടെ എണ്ണം | 7.81 ലക്ഷം |
| 6 | ബി.പി.എൽ. കണക്ഷനുകൾക്ക് പ്രതിമാസം വരുന്ന സബ്സിഡി തുക | 9.75 കോടി |

പ്രസ്തുത വാട്ടർ അതോറിറ്റി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി വളരെ വിശദമായി ധനമന്ത്രിയും ബഹു. മുഖ്യമന്ത്രിയുമായും ചർച്ച ചെയ്തിട്ടുണ്ട്.

ഇക്കാര്യം പരിഹരിക്കുന്നതിനായി ഉചിതമായ സാമ്പത്തിക സഹായം വാട്ടർ അതോറിറ്റിക്ക് നൽകുന്ന കാര്യം പരിഗണനയിലാണ്.

Uncorrected/Not for publication
06-10-2025

2. ചാവക്കാട് സർക്കാർ ഫിഷറീസ് സ്കൂളിൽ ആരംഭിക്കാൻ തീരുമാനിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനം സംബന്ധിച്ച ശ്രീ. എൻ. കെ. അക്ബർ എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

കേരളത്തിലെ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പുതിയ തൊഴിലവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ, ആധുനിക മത്സ്യബന്ധന സാങ്കേതിക വിദ്യകൾ, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണം, അലങ്കാര മത്സ്യകൃഷി, വിവിധ മത്സ്യങ്ങളുടെ വിത്ത് ഉൽപാദനം, മത്സ്യകൃഷി എന്നിവയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായാണ് കേരളത്തിലുടനീളം ഫിഷറീസ് & ഓഷ്യൻ നോളജ് സെന്ററുകൾ സ്ഥാപിക്കുവാൻ കുഫോസ് തീരുമാനിച്ചത്. സർക്കാർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ എം.പി. /എം.എൽ.എ.മാരുടെ അടിസ്ഥാന വികസന ഫണ്ട്, മത്സ്യബന്ധന വകുപ്പ് /സർവ്വകലാശാലയുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ഇവ വികസിപ്പിക്കാനായിരുന്നു ആദ്യഘട്ടത്തിൽ ആലോചിച്ചിരുന്നത്.

2023 ജൂലൈ 6-ന് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പരമാവധി വിദ്യാർഥികൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ

ഫിഷറീസിന്റെ എല്ലാ മേഖലകളുമായി ബന്ധപ്പെട്ട വൈവിധ്യമുള്ള കോഴ്സുകൾ സർവകലാശാല ആരംഭിക്കേണ്ടതാണെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട തീരദേശ മേഖലയായ ചാവക്കാട് ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ മത്സ്യ സംസ്കരണം, ജലകൃഷി, കടൽ സുരക്ഷ തുടങ്ങിയ മേഖലകളിൽ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തി ഒരു ട്രെയിനിംഗ്-കം-എക്സ്റ്റൻഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സാധ്യത കുഫോസ് പരിഗണിക്കുകയുണ്ടായി. വിവിധ കോഴ്സുകൾക്കായി സിലബസും മറ്റ് അനുബന്ധ രേഖകളും സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്.

ഇക്കാര്യം സംബന്ധിച്ച് കുഫോസ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പ്രവർത്തന ഫണ്ട് സംബന്ധിച്ചും അധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ചും വ്യക്തമായ റിപ്പോർട്ട് നൽകുന്നതിന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി സർവകലാശാലയുടെ ബജറ്റ് വിഹിതം ചെലവഴിക്കുന്നത് സർവകലാശാലയുടെ ഉന്നത വിദ്യാഭ്യാസ പുരോഗതിയെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ള കാര്യവും സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമുള്ള കോഴ്സുകൾ ആരംഭിച്ച് പരമാവധി വിദ്യാർഥികൾക്ക് പരമാവധി കോഴ്സുകൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ നിർദേശം നൽകിയ പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചാവക്കാട് റീജിയണൽ സ്കൂളിലെ വിദ്യാർഥികൾക്കും ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പ്ലസ് ടു പാസ്സായ വിദ്യാർഥികൾക്കുമുൾപ്പെടെ താൽപര്യമുള്ളവർക്കായി അക്വാകൾച്ചർ, ഓർണമെന്റൽ ഫിഷ് കൾച്ചർ തുടങ്ങിയ മേഖലകളിൽ ഹാൻഡ്സ് ഓൺ പരിശീലന പരിപാടികൾ ഒരുക്കുന്നതിനായി കുഫോസ് പുതുവൈപ്പ് ക്യാമ്പസിലെ ഫിഷറീസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബഹു. ഗുരുവായൂർ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കുന്ന ഒരു മോണിറ്ററിങ് കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. ഇപ്പോൾ 5 ക്ലാസ് മുറികൾ, ഓഫീസ് മുറി, ടോയ്‌ലറ്റ് ബ്ലോക്ക്, ചുറ്റുമതിലും ഗേറ്റും അടങ്ങുന്ന നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവ ബഹു.

എം.എൽ.എ.യുടെ ഗുരുവായൂർ സൗകര്യ വികസന ഫണ്ടിന്റെ സഹായത്തോടെ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിന് പബ്ലിക് / പ്രൈവറ്റ് സെക്ടർ കമ്പനികൾ, കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾ, എൻ.ജി.ഒ.-കൾ എന്നിവയുടെ സി.എസ്.ആർ./ പ്രോജക്ട് ഫണ്ടുകൾ ലഭ്യമാക്കുന്നതിനായുള്ള ശ്രമങ്ങൾ നടക്കുന്നതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ചാവക്കാട് എക്സ്റ്റൻഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവർത്തനം തുടങ്ങുന്നതിനുള്ള അടിസ്ഥാന മൂലധനത്തിനാവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സെന്റർ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

3. <u>പുതുമൺ പാലം നിർമ്മാണം സംബന്ധിച്ച ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

റാന്നി നിയോജകമണ്ഡലത്തിലെ പുതുമൺ പാലം നിർമ്മാണവുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ. പുതിയതായി നിർമ്മിക്കുന്ന പുതുമൺ പാലം 8

Uncorrected/Not for publication
06-10-2025

മീറ്റർ വീതം നീളമുള്ള 2 സ്പാനുകളോട് കൂടിയ സബ്മെഴ്സിബിൾ ബ്രിഡ്ജ് ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. 7.50 മീറ്റർ കാരിയേജ് വേയും ഇരുവശങ്ങളിലും 1.5 മീറ്റർ ഫുട്പാത്തും ഉൾപ്പെടെ 11 മീറ്റർ ആണ് പാലത്തിന്റെ വീതി. നിലവിൽ പാലത്തിന്റെ പൈലുകൾ പൂർത്തിയായിട്ടുണ്ട്. ഇരുകരകളിലെയും അബട്ട്മെന്റുകളുടെയും നടുക്കുള്ള പിയറിന്റെയും നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. തോടിന്റെ അടിത്തട്ടിൽ Apron നിർമ്മാണം പുരോഗമിക്കുന്നു. കാലവർഷം ശക്തമായതോടുകൂടി തോട്ടിലെ വെള്ളം അടിക്കടി ക്രമാതീതമായി ഉയരുന്നത് പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിരുന്നു. പാലത്തിന്റെ ഡെക്ക് സ്ലാബ് കോൺക്രീറ്റ് അടിയന്തിരമായി പൂർത്തീകരിക്കുന്ന വിധത്തിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച അപ്രോച്ച് റോഡിൽ GSB വിരിച്ച് ശബരിമല തീർത്ഥാടന സമയത്ത് വാഹന ഗതാഗതത്തിന് താൽക്കാലികമായി തുറന്ന് കൊടുക്കത്തക്കവിധത്തിൽ ക്രമീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ശബരിമല പാതയിലെ പാലം എന്ന നിലയിൽ പ്രവൃത്തി പ്രത്യേകമായി

ശ്രദ്ധിക്കുവാൻ പാലം വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

4. <u>കോങ്ങാട് - മണ്ണാർക്കാട് ടിപ്പു സുൽത്താൻ റോഡ് നവീകരണം സംബന്ധിച്ച് ശ്രീമതി ശാന്തകുമാരി കെ. എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള കോങ്ങാട്-മണ്ണാർക്കാട്-ടിപ്പുസുൽത്താൻ റോഡ് പ്രവൃത്തിയുടെ സെക്കന്റ് ഫേസ് ആയി നിർമ്മിക്കുന്ന മൈനർ ബ്രിഡ്ജിന്റെ ഡിസൈൻ സൂക്ഷ്മപരിശോധന കഴിഞ്ഞിട്ടുണ്ട്. കോങ്ങാട്-മണ്ണാർക്കാട്-ടിപ്പുസുൽത്താൻ റോഡ് പ്രവൃത്തിയുടെ, ടെക്നിക്കൽ സാങ്ഷൻ, കമ്മിറ്റി അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റും ചേർത്ത് പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് KRFB-PMU പ്രോജക്റ്റ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

Uncorrected/Not for publication
06-10-2025

5. കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. എം. വിജിൻ എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും, മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും), 2019-ലെ 13-ാം ആക്റ്റ് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02-03-2019 പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. തുടർന്ന് കേരള സഹകരണ ആശുപത്രി കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസും അനുബന്ധ സ്ഥാപനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ കീഴിലാക്കി 18-03-2019-ലെ സ.ഉ. (കൈ) 44/2019/ആ.കു.വ. നമ്പർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത ജീവനക്കാരെ സർക്കാർ സർവീസിലേക്ക് ഏറ്റെടുക്കുന്നതിനായി താഴെപ്പറയും പ്രകാരം വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | മെഡിക്കൽ അധ്യാപക ജീവനക്കാർ | 147 |
| 2 | നഴ്സിംഗ് വിഭാഗം ജീവനക്കാർ | 521 |
| 3 | ഫാർമസി അധ്യാപകർ | 26 |
| 4 | ദന്തൽ അധ്യാപകർ | 43 |
| 5 | നഴ്സിംഗ് അസിസ്റ്റന്റ് / ട്രോളി വർക്കേഴ്സ് | 210 |
| 6 | നഴ്സിംഗ് അധ്യാപകർ | 27 |
| 7 | പാരാമെഡിക്കൽ ജീവനക്കാർ | 212 |
| 8 | മിനിസ്റ്റീരിയൽ & എഞ്ചിനീയറിങ് ജീവനക്കാർ | 237 |
| 9 | ദന്തൽ വിഭാഗം അനധ്യാപക ജീവനക്കാർ | 17 |

ഇപ്രകാരം അക്കൊമോഡേഷനായി ആകെ 1440 തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഇതുകൂടാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 09-10-2020-ലെ സ.ഉ.(കൈ) നം. 131/2020/ആ.കു.വ. പ്രകാരം 100 തസ്തികകളും, പ്രസ്തുത മെഡിക്കൽ

കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി 08-03-2019-ലെ സ.ഉ. (കൈ) നം. 39/2014/ആ.കു.വ. പ്രകാരം 11 അഡ്മിനിസ്ട്രേറ്റീവ് തസ്തികകളും 21-12-2023-ലെ സ.ഉ. (കൈ) നം. 346/2023 ആ.കു.വ. പ്രകാരം 31 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം കണ്ണൂർ മെഡിക്കൽ കോളേജ് സന്ദർശിച്ച വേളയിൽത്തന്നെ മെഡിക്കൽ കോളേജിൽ അനിവാര്യമായ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ പോരായ്മയും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കിയതിന്റെ ഭാഗമായി പ്ലാസ്റ്റിക് സർജറി വിഭാഗം ഉടൻ തന്നെ ആരംഭിക്കുകയും നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, നിയോനാറ്റോളജി, പീഡിയാട്രിക് സർജറി, യൂറോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവയ്ക്കായി 21-12-2023-ൽ 31 അധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ആഗിരണം ചെയ്യപ്പെടേണ്ട ജീവനക്കാരുടെ ആഗിരണ പ്രക്രിയ സംബന്ധിച്ച് 07-10-2021-ൽ ധനകാര്യം, പി.&എ.ആർ.ഡി., ലേബർ,

ആരോഗ്യം തുടങ്ങിയ വകുപ്പുകളിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ജീവനക്കാർക്ക് ആഗിരണ പ്രക്രിയ പ്രയാസകരമാകാത്ത തരത്തിൽ ഓപ്ഷൻ നൽകുന്നതിനും അവസരം നൽകുന്നതിനും തീരുമാനം എടുത്തിരുന്നു.

ഇതിന്റെ ഭാഗമായി മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്ന് ഏറ്റെടുത്ത എൻട്രി കേഡർ /സ്റ്റാൻഡ് എലോൺ സ്വീകരിച്ച മെഡിക്കൽ അധ്യാപകരിൽ ഒരാൾ ഒഴികെയുള്ള എല്ലാ അധ്യാപകരുടെയും റെഗുലറൈസേഷൻ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുത്ത ദന്തൽ, ഫാർമസി നഴ്സിംഗ് വിഭാഗങ്ങളിലുള്ള അധ്യാപകർക്ക് താൽകാലിക നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/ പ്രിൻസിപ്പാളിൽനിന്നും മേൽ അധ്യാപകരുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും, തുടർന്നുള്ള പി.എസ്.സി.-യുടെ ഉപദേശവും ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയവരുടെ നിയമനം ക്രമീകരിക്കുന്നതാണ്. പാരാമെഡിക്കൽ ജീവനക്കാരുടെ ആഗിരണവുമായി ബന്ധപ്പെട്ട് ആകെയുള്ള 38 വിഭാഗം തസ്തികകളിൽ ധന വകുപ്പ് ശമ്പള സ്കെയിൽ ശിപാർശ ചെയ്ത 26 തസ്തികകളിലെ ജീവനക്കാരെ അക്കൊമൊഡേറ്റ് ചെയ്യുകയും മെഡിക്കൽ

വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ആയവർക്ക് താൽക്കാലിക നിയമന ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തസ്തികകൾക്ക് ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നോൺ ടീച്ചിംഗ് ദന്തൽ തസ്തികകൾ ധന വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ആകെയുള്ള 210 നഴ്സിംഗ് അസിസ്റ്റന്റ് / ട്രോളി വർക്കർ തസ്തികകളിൽ, ധന വകുപ്പിന്റെ ഉപദേശപ്രകാരം 208 ജീവനക്കാരെ അക്കൊമൊഡേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയവർക്ക് താൽക്കാലിക നിയമന ഉത്തരവുകൾ നൽകുന്നതിനുള്ള നടപടികൾ മെഡി. വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരികയാണ്. ആഗിരണത്തിനായി സൃഷ്ടിച്ച 772 തസ്തികകളിലുൾപ്പെട്ട 237 മിനിസ്റ്റീരിയൽ & എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്കായുള്ള തസ്തികകളുടെ വർഗ്ഗീകരണവും, ഏറ്റെടുക്കാനുള്ള 22 നോൺ മെഡിക്കൽ അദ്ധ്യാപകർക്കായി തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്ന് ഏറ്റെടുത്തതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ

ലഭ്യമാക്കിയതുമായ സ്റ്റാഫ് നഴ്സ് 1/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട്-II വിഭാഗത്തിലെ സ്റ്റാൻഡ് എലോൺ സ്വീകരിച്ച 48 ജീവനക്കാരുടെ റെഗുലറൈസേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II വിഭാഗത്തിലെ 378 ജീവനക്കാരിൽ എൻട്രി കേഡർ തിരഞ്ഞെടുത്ത ആദ്യ ഘട്ടത്തിലെ 272 സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ഓഫീസർമാരുടെ റെഗുലറൈസേഷനും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന 106 ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. കൂടാതെ ഓപ്ഷൻ മാറുന്നതിനായി കോടതി വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുള്ള 73 നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ ആവശ്യത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ടിയാളുകളുടെ റെഗുലറൈസേഷനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്ത 02-03-2019 മുതലാണ് ടി സ്ഥാപനത്തിലെ ജീവനക്കാരെ സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യുന്നത്. അതിനാൽ 02-03-2019 പ്രാബല്യത്തിൽ ടി ജീവനക്കാരെ സ്പാർക്കിൽ പ്രവേശിപ്പിക്കുമ്പോൾ പ്രീ-റിവൈസ്ഡ് ശമ്പള സ്കെയിലിൽ ആണ് ആദ്യം

ശമ്പളം നിർണ്ണയിക്കുന്നത്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി നിയമന ഉത്തരവ് ലഭിച്ച് സ്പാർക്കിൽ പെൻ സൃഷ്ടിച്ച് ശമ്പളം സ്പാർക്ക് മുഖേന മാറുന്നതുവരെ ടി ജീവനക്കാർ നേരത്തെ വാങ്ങി വന്നിരുന്ന കൂടിയ ശമ്പളം ബിംസ് (BIMS) മുഖേന വാങ്ങിയതിനാൽ ടി ജീവനക്കാരെ പതിനൊന്നാം ശമ്പള പരിഷ്ക്കരണത്തിലേക്ക് കൊണ്ടുവരാൻ സാങ്കേതികമായ പ്രയാസം നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി സർക്കാർ കൃത്യമായി ഇടപെട്ട് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 17-09-2025-ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, സ്പാർക്ക്, ITSF, PRC എന്നീ വകുപ്പുകളുമായി ചർച്ച നടത്തുകയും ഈ പ്രശ്നം ഉടനടി പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

മുൻ പരിയാരം മെഡിക്കൽകോളേജും അനുബന്ധ സ്ഥാപനങ്ങളും സഹകരണ മേഖലയിൽ ഒരു സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. നിലവിലെ ചട്ടങ്ങൾ പ്രകാരം സഹകരണ മേഖലയിലെ സൊസൈറ്റികളുടെ കീഴിലെ സർവീസ് കേരള സർക്കാർ സിവിൽ സർവീസുമായി കൂട്ടിച്ചേർക്കാൻ വ്യവസ്ഥയില്ല. സർക്കാർ സ്ഥാപനം ഏറ്റെടുത്തതും ജീവനക്കാരെ സർക്കാർ സർവീസിലേക്ക് അക്കൊമ്മഡേറ്റ്

ചെയ്യുതും 02-03-2019-ൽ ആയതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം സർക്കാർ ജീവനക്കാരായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്തിരുന്ന ജീവനക്കാർ കെ.എസ്.ആർ. ഭാഗം III-ന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നില്ല. അതിനാൽ ടി ജീവനകാർക്ക് സ്ഥാപനം ഏറ്റെടുക്കുമ്പോൾ തന്നെ പെൻഷൻ ആനുകൂല്യം ഇല്ലായിരുന്നു. **07-01-2013-ലെ സ.ഉ.(അ) നം. 26/2013/ധന** പ്രകാരം 01-04-2013-നോ അതിന് ശേഷമോ കേരള സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർ എല്ലാവരും പങ്കാളിത്ത പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുന്നത്. കണ്ണൂർ മെഡിക്കൽ കോളേജിലെ ജീവനക്കാർ എല്ലാവരും സർക്കാർ സർവീസിൽ പ്രവേശിച്ചിരിക്കുന്നത് 01-04-2013-ന് ശേഷമായതിനാലും മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് പാർട്ട് III പെൻഷൻ ബാധകമല്ലാത്തതിനാലും ഏറ്റെടുക്കപ്പെട്ട ജീവനക്കാർ എല്ലാവരെയും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ മാത്രമേ സാധിക്കൂ. ആഗിരണ നടപടികളിൽ

ഉൾപ്പെട്ട് വളരെ കുറച്ച് സമയത്തിനുള്ളിൽ വിരമിച്ചുപോയ ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ പലർക്കും സർക്കാർ സർവീസിൽ അവർ ജോലി ചെയ്തിരുന്ന തസ്തികകളിൽ ആഗിരണം ചെയ്യപ്പെടാൻ സർക്കാർ/അതത് കൗൺസിലുകൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതയില്ലാത്ത സാഹചര്യമുണ്ട്. അപ്രകാരം യോഗ്യത കുറവുള്ള ജീവനക്കാരെ സർക്കാർ സർവീസിൽ പ്രവേശിപ്പിക്കുന്നതിനുവേണ്ടി അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ച് അക്കൊമ്മഡേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തീരുമാനത്തിനെതിരെ പല ജീവനക്കാരും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ ഇളവ് വരുത്താൻ നിലവിലെ സാഹചര്യത്തിൽ സാധിക്കാത്തതിനാലാണ് ടി ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള തസ്തികയിൽ അക്കൊമ്മഡേറ്റ്

ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് വളരെയധികം വ്യവഹാരങ്ങൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുണ്ട്.

ഒഴിവുകൾ

അധ്യാപക തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| Department | Professor | | | Asso. Professor | | | Assi. Professor | | | Lectures | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | San | Exi | Vac | San | Exi | Vac | San | Exi | Vac | San | Exi | Vac |
| Bio Chemistry | 2 | 2 | 0 | 1 | 0 | 1 | 2 | 1 | 1 | 0 | 0 | 0 |
| Pathology | 1 | 1 | 0 | 3 | 3 | 0 | 4 | 4 | 0 | 0 | 0 | 0 |
| Pharmacology | 1 | 1 | 0 | 1 | 1 | 0 | 2 | 1 | 1 | 0 | 0 | 0 |
| Micro Biology | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 0 | 0 | 0 | 0 |
| Transfusion Medicine | 0 | 0 | 0 | 0 | 0 | 0 | 2 | 1 | 1 | 0 | 0 | 0 |
| Anatomy | 1 | 1 | 0 | 2 | 2 | 0 | 1 | 1 | 0 | 0 | 0 | 0 |
| Community Medicine | 1 | 1 | 0 | 2 | 2 | 0 | 3 | 3 | 0 | 0 | 0 | 0 |
| Forensic Medicine | 1 | 1 | 0 | 1 | 1 | 0 | 2 | 1 | 1 | 0 | 0 | 0 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Physiology | 1 | 1 | 0 | 2 | 2 | 0 | 3 | 3 | 0 | 0 | 0 | 0 |
| Orthopedics | 1 | 0 | 1 | 2 | 2 | 0 | 3 | 3 | 0 | 1 | 1 | 0 |
| ENT | 2 | 2 | 0 | 1 | 1 | 0 | 2 | 1 | 1 | 0 | 0 | 0 |
| Obstetrics & Gynaecology | 3 | 3 | 0 | 4 | 4 | 0 | 2 | 1 | 1 | 1 | 1 | 0 |
| Radiotherapy | 1 | 1 | 0 | 1 | 1 | 0 | 2 | 2 | 0 | 1 | 1 | 0 |
| Plastic surgery | 1 | 1 | 0 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 |
| CVTS | 1 | 1 | 0 | 1 | 1 | 0 | 2 | 0 | 2 | 1 | 1 | 0 |
| Urology | 0 | 0 | 0 | 2 | 2 | 0 | 1 | 0 | 1 | 1 | 1 | 0 |
| Pulmonary Medicine | 2 | 2 | 0 | 0 | 0 | 0 | 2 | 1 | 1 | 0 | 0 | 0 |
| Surgical Gastro Entrology | 0 | 0 | 0 | 1 | 0 | 1 | 3 | 0 | 3 | 0 | 0 | 0 |
| Phsyical Medicine Rehabilitation | 1 | 1 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 |
| Nephrology | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 0 |
| General Surgery | 2 | 2 | 0 | 3 | 3 | 0 | 7 | 7 | 0 | 2 | 2 | 0 |
| Neuro surgery | 0 | 0 | 0 | 1 | 1 | 0 | 3 | 1 | 2 | 0 | 0 | 0 |
| Paediatric Surgery | 0 | 0 | 0 | 1 | 1 | 0 | 2 | 1 | 1 | 0 | 0 | 0 |
| Paediatric | 5 | 5 | 0 | 2 | 2 | 0 | 1 | 1 | 0 | 1 | 1 | 0 |
| D&V | 2 | 2 | 0 | 0 | 0 | 0 | 2 | 1 | 1 | 0 | 0 | |
| Psychiatry | 2 | 2 | 0 | 1 | 1 | 0 | 3 | 3 | 0 | 0 | 0 | 0 |
| Medical Gastro | 0 | 0 | 0 | 1 | 0 | 1 | 1 | 1 | 0 | 0 | 0 | 0 |
| General | 3 | 3 | 0 | 8 | 8 | 0 | 3 | 2 | 1 | 1 | 1 | 0 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Medicine | | | | | | | | | | | | |
| Cardiology | 1 | 1 | 0 | 1 | 1 | 0 | 2 | 2 | 0 | 1 | 1 | 0 |
| Radio Diagnosis | 0 | 0 | 0 | 2 | 2 | 0 | 2 | 1 | 1 | 1 | 1 | 0 |
| Neurology | 0 | 0 | 0 | 1 | 1 | 0 | 2 | 2 | 0 | 0 | 0 | 0 |
| Anaesthesiology | 2 | 2 | 0 | 2 | 2 | 0 | 5 | 4 | 1 | 2 | 2 | 0 |
| Ophthalmology | 2 | 2 | 0 | 1 | 1 | 0 | 2 | 2 | 0 | 0 | 0 | 0 |
| Emergency Medicine | 1 | 0 | 1 | 1 | 1 | 0 | 1 | 1 | 0 | 2 | 2 | 0 |

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ഒഴിവുകൾ പരമാവധി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻട്രി കേഡർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും പ്രൊമോഷൻ തസ്തികയിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, ഡെർമറ്റോളജി & വെനറോളജി തുടങ്ങിയ ചില വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ

പി.എസ്.സി. വഴി ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നാൽ പി.എസ്.സി. വഴി സ്ഥിരനിയമനം നടത്തുന്ന കാലയളവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

<u>മരുന്നുകളുടെ ലഭ്യത</u>

മരുന്ന് വാങ്ങാനായി 19 കോടി രൂപയാണ് 2025-26 വർഷം കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് KMSCL വഴി അനുമതി നൽകിയിരുന്നത്. മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമ്പോൾ അവയുടെ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്കുവേണ്ടി 9 കോടിയുടെ ഒരു ഫാർമസി സ്റ്റോറിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കുകയും അതിന്റെ ആദ്യ ഘട്ടത്തിനുള്ള 3.5 കോടി രൂപ പി.ഡബ്ല്യൂ.ഡി.-യിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്ന ഘട്ടത്തിലാണുള്ളത്. മുൻപ് സർക്കാർ മെഡിക്കൽ കോളേജിന്റെ പരിധിയിലുള്ള പഴയ കെട്ടിടത്തിൽ ഒന്നിനെ എച്ച്.ഡി.എസ്.

ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണി പൂർത്തീകരിച്ച് മരുന്ന സ്റ്റോറേജിനായി ഇപ്പോൾ ഉപയോഗിച്ചുവരുന്നു. അതുകൂടാതെ മറ്റൊരു പഴയ കെട്ടിടം ഈ ഒരു കാര്യത്തിനായി അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തുവരുന്നു.

<u>പുതിയ മെഷീനുകൾ</u>

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 2021-22 വർഷം പ്ലാൻ ഫണ്ടിൽ നിന്നും 10,69,85,000 രൂപയുടെ മെഷീനുകളായ ഡിജിറ്റൽ റേഡിയോഗ്രാഫി, ഹാർട്ട് ലങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയ പ്രധാനപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനും, 2022-23 വർഷം മെഷിനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 14 കോടി രൂപയും, 2023-24 വർഷം മെഷീനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 12.5 കോടി രൂപയും അനുവദിച്ചിരുന്നു.

ഇതുകൂടാതെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നതിന് 2025-26 സാമ്പത്തിക

വർഷത്തെ ബജറ്റിൽ "Providing Modern Imaging Facilities including International Radiology in Medical Colleges" എന്ന സ്കീമിൽ ഉൾപ്പെടുത്തി 13.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പി.ഡബ്ല്യൂ.ഡി.-യുടെ റിപ്പോർട്ട് സ്ഥിതി താഴെപ്പറയും പ്രകാരമാണ്.</u>

| SI No. | Name of project | Project cost in Lakh rupees | Agency | Present Status as per the report |
|---|---|---|---|---|
| 1 | Construction and renovation of medial and paramedical hostels for under graduates & post graduate student- paramedical hostel construction | 300 | PWD | Location of building changed as per the suggestion received from PWD design wing. Revised site plan approved by the Medical College and detailed drawing (revised) received from AR wing on 20-01-2024. Design drawing received on 31-05-2024. TS estimate |

| | | | | |
|---|---|---|---|---|
| | | | | submitted for approval |
| 2 | Construction of paramedical Hostel Phase II | 300 | PWD | TS estimate submitted combining with 1st phase As sanctioned in 2021-22 (SI No.2). Now agreement executed and work started. |
| 3 | Modification works to the Men's Hostel of pharmacy college at GNC Kannur (Old Special ward Building) | 64.2 | PWD | Work completed UC Received as per G.O. (Rt)No.2547/ 2024/H&FWD Dated, 24/10/2024 permission given for utilizing savings of an amount of Rs. 4,40,000/- for its electrical work and electrical works also completed |
| 4 | Painting works to Ladies hostel building (MBBS)- | 64.23 | PWD | Work Completed UC RECEIVED |

Uncorrected/Not for publication
06-10-2025

| | | | | |
|---|---|---|---|---|
| | painting works and Civil works to Ladies hostel building | | | |
| 5 | Painting(inside only) and repair works to men's hostel (MBBS/BDS) painting (inside only) and repair works to men’ s hostel (MBBS/BDS) | 56.1 | PWD | Work Completed UC RECEIVED |
| 6 | Construction of post graduate Hostel-1st phase (Deposit work) | 200 | PWD | Detailed AR drawing (revised-after incorporating rooms with attached toilet in GF) received on 20-01-2024. The same has been submitted to PWD design wing During the site visit of Design wing on 03-02-2024, Medical college officials reported about the pipe line passing through the proposed location. Based on the details received |

| | | | | |
|---|---|---|---|---|
| | | | | from Medical college, site plan revised. Since the amount sanctioned in 1st phase is not enough to start a major work, Design wing reported that structure design for preparing TSV estimate will be made available only after the receipt of 2nd phase AS (Submitted for Rs.500L). |
| 7 | Construction of Additional class Rooms in pharmacy college-phase-1 at GMC Kannur | 100 | PWD | Work completed. Bill under Scrutiny. |
| 8 | ROOFING THE TERRACE LEVEL OD EXISTING EXAMINATION HALL AREA OF(PHASE-1) MEDICAL COLLEGE BUILDING AT GMCK | 85 | PWD | Work Completed; UC RECEIVED |
| 9 | Construction of providing | 98.11 | PWD | Work completed. |

| | | | | |
|---|---|---|---|---|
| | night autopsy arrangement above the existing forensic department at GMC at Kannur pariyaram | | | UC Received. |
| 10 | LH2-GMC Kannur-Maintenance and Repair works of Ladies hostel LH-2 | 75 | PWD | Completed; RE to be approved |
| 11 | Ladies Hostel(LH3)-Providing light roofing work and toilet repair at Ladies Hostel Building(LH3) in GMCK | 50 | PWD | Work started |
| 12 | Repair works at Men's Hostel Building- Providing light roofing and toilet repair work at mens hostel building GMCK | 50 | PWD | Work started |
| 13 | Painting works to Pharmacy College Govt. Medical College Kannur | 15 | PWD | Work completed; UC Received. |
| 14 | Providing light roofing at the terrace level of the Medical College Building | 100 | PWD | Agreement to be executed |
| 15 | Repair and Maintenance Work of LH-2 Pharmacy College (Phase II) | 75 | PWD | LoA to be issued |
| 16 | Construction of disable friendly ramp in Men's and Ladies Hostel | 18 | PWD | G.O. (Rt)No.3146/2024 /H&F WD Dated, |

| | | | | |
|---|---|---|---|---|
| | | | | 23-12-2024 permission given for utilising savings of 2021-2022 Minor work agreement to be executed |
| 17 | Repair and Maintenance of toilet block (right side) in men's hostel | 15 | PWD | G.O.(Rt)No.786/ 2025/H&FWD Dated, 19-03-2025 permission given for utilising savings of 2022-23; work informed to PWD for starting the work immediately. |

ഇതുകൂടാതെ കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ നവീകരണ പ്രവൃത്തികൾക്കും ട്രോമാ കെയർ ബ്ലോക്കിന്റെ നിർമ്മാണത്തിനുമായി കിഫ്ബി ധനസഹായത്തോടെ 124.95 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ നവീകരണ പ്രവർത്തനങ്ങൾക്ക് മാത്രമായി

29.78 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ അന്തിമഘട്ടത്തിലാണ്.

ആശുപത്രിയിൽ വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി ഹൗസിംഗ് ബോർഡ് ആശ്വാസ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 23.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പക്ഷാഘാത കേന്ദ്രം കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനായി 5.5 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

31-03-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ 28.16 കോടി രൂപയുടെ പി.ജി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ പ്രവൃത്തികൾക്കായി (രണ്ടാം

ഘട്ടം) 12-08-2025-ലെ ഉത്തരവ പ്രകാരം 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്</u>

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഐ.എം.എൽ.ഡി. സീവേജ് ട്രീറ്റ്മെന്റ് നവീകരണ പ്രവൃത്തി സംസ്ഥാന സർക്കാരും ആശുപത്രി വികസന സമിതിയും സംയുക്തമായി ഫണ്ട് ചെലവഴിച്ചുകൊണ്ട് സർക്കാർ അക്രെഡിറ്റഡ് എജൻസിയായ M/s IRTC project Implementation Unit, പാലക്കാട് എന്ന സ്ഥാപനത്തെയായിരുന്നു ഏൽപ്പിച്ചിരുന്നത്. നിലവിൽ കരാർ ഏജൻസിയായ M/s IRTC, കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് Trial run ആരംഭിച്ചിട്ടുണ്ട്.

ദേശീയപാതാ വികസനത്തിന്റെ ഭാഗമായുള്ള സർവീസ് റോഡ് കടന്നുപോകുന്നത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കളക്ഷൻ ടാങ്കിന് സമീപത്തുകൂടിയാണ്. 25 വർഷം മുമ്പേ നിർമ്മിച്ച കളക്ഷൻ ടാങ്ക് Under ground Water Sump ആയിട്ടാണ് ഡിസൈൻ ചെയ്തിരുന്നത്. ആയതിനാൽ ടാങ്കിന്റെ വശങ്ങളിലുള്ള മണ്ണ് നീക്കം ചെയ്യുന്നത് പ്രസ്തുത ടാങ്കിന്റെ

നിലനിൽപ്പിനെ ബാധിക്കുന്നതാണ്. നിലവിലുള്ള കളക്ഷൻ ടാങ്ക് 0.25 MLD ആണ്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്ക്, ട്രോമാകെയർ ബ്ലോക്ക്, ഹോസ്റ്റലുകൾ എന്നിവ നിർമ്മിക്കുമ്പോൾ നിലവിലെ കളക്ഷൻ ടാങ്ക് മതിയാവാത്ത നിലയിലും കാലപ്പഴക്കം കൊണ്ടും പുതിയ കളക്ഷൻ ടാങ്ക് നിർമ്മിക്കേണ്ടതുണ്ട്.

M/s. IRTC നടത്തിയ മലിനജല ശുദ്ധീകരണ ശാലയുടെ നവീകരണ പ്രവൃത്തിയിൽ കളക്ഷൻ ടാങ്കിന്റെ നവീകരണം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കളക്ഷൻ ടാങ്ക് നിർമ്മിക്കുന്നതിന് M/s. IRTC എന്ന സ്ഥാപനം ഒരു കോടി പത്തൊൻപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ സർവ്വീസിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും കേടായ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും

നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകി വരുന്നത്.